# മീഖാത്തിലെത്തുമ്പോള്‍ ഹാജിമാര്‍ ശ്രദ്ധിക്കേണ്ട കാര്യങ്ങള്‍

[ Malayalam - മലയാളം - مليالم ]

﴿ آداب الحاج عند الوصول إلى الميقات ﴾


രചന:

ശൈഖ് അബ്ദുല്‍ റസാഖ് അബ്ദുല്‍ മുഹ്സിന്‍ അല്‍ബദര്‍

تأليف : الشيخ عبد الرزاق بن عبد المحسن البدر

വിവര്‍ത്തനം: അബ്ദുറഹ്മാന്‍ മദീനി

ترجمة : عبد الرحمن مدينى



ഇസ്ലാമിക വകുപ്പ് മന്ത്രാലയം പ്രസിദ്ധീകരണ വിഭാഗം
റിയാദ്– സൗദി അറേബ്യ

وزارة الشؤون الإسلامية والأوقاف والدعوة والإرشاد
المملكة العربية السعودية

Web edition by:

islamhouse.com

1431 – 2010

بسم الله الرحمن الرحيم

ലോക രക്ഷിതാവായ അല്ലാഹുവിന് സർവ്വ സ്തുതിയും, അവന്റെ രക്ഷയും സമാധാനവും മുഹമ്മദ് നബി(ﷺ)യിലും കുടുംബത്തിലും അനുചരരിലും സദാ വർഷിക്കട്ടെ.

പരിശുദ്ധ കഅ്ബാലയം സന്ദർശിച്ച് ഹജ്ജ് ചെയ്യുക എന്ന അതിമഹത്തായ പുണ്യകർമ്മം ചെയ്യാനുള്ള ഈ യാത്രക്ക് അല്ലാഹു താങ്കളെ അനുഗ്രഹിച്ചതിലുള്ള സന്തോഷം ആദ്യമേ പങ്കുവെക്കുന്നു. താങ്കൾ മീഖാത്തിലെത്തിച്ചേർന്നതോടെ ഈ പുണ്യയാത്രയുടെ യഥാർത്ഥ തുടക്കമായി. സർവ്വശക്തനായ അല്ലാഹു ഈ സദുദ്യമം വിജയിപ്പിക്കുകയും സ്വീകരിക്കുകയും ചെയ്യട്ടെ എന്ന് ഈ സന്ദർഭത്തിൽ ദുആ ചെയ്യുന്നു. മീഖാത്തിൽ വെച്ച് പ്രത്യേകം ഓർക്കേണ്ട ചില കാര്യങ്ങളാണ് ഇവിടെ കുറിക്കുന്നത്.

**1.** എല്ലാ തെറ്റുകുറ്റങ്ങളിൽ നിന്നും അല്ലാഹുവിനോട് ആത്മാർത്ഥമായി പാശ്ചാതപിച്ചു കൊണ്ടാണ് താങ്കൾ ഹജ്ജ് കർമ്മം ആരംഭിക്കേണ്ടത്.

**2.** അല്ലാഹു ഇഷ്ടപ്പെടുന്ന പുണ്യവാക്കുകളിലൂടെയും കർമ്മങ്ങളിലൂടെയും അവന്റെ സാമീപ്യം നേടുവാനും അവന്റെ തിരുമുഖവും പരലോകവും ലക്ഷ്യം വെച്ചുകൊണ്ടുമായിരിക്കണം താങ്കളുടെ ഹജ്ജും ഉംറയും.

**3.** എല്ലാ കർമ്മങ്ങളും വ്യക്തമായ അറിവോടെയും ദൃഢബോധത്തോടെയും അനുഷ്ഠിക്കേണ്ടതിനും, ഹജ്ജുകർമ്മങ്ങൾക്ക് ഭംഗം വരുത്തുന്നതോ പ്രതിഫലം കുറക്കുന്നതോ ആയ കാര്യങ്ങളെ കു

റിച്ച് ജാഗ്രതയുണ്ടായിരിക്കുകയും ഹജ്ജിന്റെയും ഉംറയുടെയും കർമ്മങ്ങൾ നന്നായി മനസ്സിലാക്കിയിരിക്കുകയുംചെയ്തിരിക്കണം.

4. ദിക്റുകളും ദുആകളും ഖുർആൻ പാരായണവും അധികരിപ്പിക്കുക. ഉപകാരപ്രദമായ കേസറ്റുകൾ കേൾക്കുകയോ പുസ്തകങ്ങൾ വായിക്കുകയോ ചെയ്യുക.

5. ഇഹ്റാമിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് കുളിക്കുക, സുഗന്ധം പൂശുക, മീശ ശരിപ്പെടുത്തുക, നഖം മുറിക്കുക, ഗുഹ്യസ്ഥാനത്തേയും കക്ഷത്തിലേയും രോമങ്ങൾ നീക്കുക എന്നിവ സുന്നത്താണ്. എന്നാൽ താടിവടിക്കുന്നത് നിഷിദ്ധം തന്നെ.

6. പുരുഷൻമാർക്ക് വെളുത്തതും വൃത്തിയുള്ളതുമായ ഒരു അകിവസ്ത്രവും മേൽ മുണ്ടുമാണ് ഇഹ്റാമിൽ സുന്നത്തായ വേഷം. സ്ത്രീകൾക്ക് സൗന്ദര്യം പ്രദർശിപ്പിക്കാത്ത ഏത് വസ്ത്രവും ധരിക്കാം.

7. കഅ്ബയെ ത്വവാഫ് ചെയ്യുമ്പോൾ മാത്രമാണ് ഇള്ത്വിബാഇന്റെ രൂപത്തിൽ വസ്ത്രം ധരിക്കുന്നത് (വലതു ചുമൽ വെളിവാക്കുന്ന വിധം വസ്ത്രം ധരിക്കുന്നത്) സുന്നത്തുള്ളൂ. അതിനാൽ ഖുദൂമിന്റെയും ഉംറയുടെയും ത്വവാഫിന്റെ അവസരമൊഴികെ ഇഹ്റാമിലുടനീളം താങ്കളുടെ ചുമലുകൾ രണ്ടും മറക്കുക.

8. വാച്ച്, മോതിരം, കണ്ണട, ബെൽറ്റ്, പാദരക്ഷ, പേയ്സ് തുടങ്ങിയവ തുന്നിയുണ്ടാക്കിയതാണെങ്കിലും ഉപയോഗിക്കുന്നതിന് വിരോധമില്ല. അപ്രകാരം തന്നെ കുടചൂടുന്നതിനും വിരോധമില്ല.

9. പുരുഷൻമാർ ഇഹ്റാമിലായിരിക്കെ ഷർട്ട്, പാന്റ്, ഷെഡി, തൊപ്പി, തലപ്പാവ് തുടങ്ങിയ വസ്ത്രങ്ങളൊന്നും ധരിക്കാൻ പാടില്ല.

10. സ്ത്രീകൾ ഇഹ്റാമിലായിരിക്കെ മുഖമൂടിയും കയ്യുറയും ധരിക്കാൻ പാടില്ല. എന്നാൽ ഇഹ്റാമിലാണെങ്കിലും അല്ലെങ്കിലും അന്യപുരുഷൻമാരുടെ മുമ്പിലാകുമ്പോൾ അവർ മുഖം മറക്കേണ്ടതാണ്.

11. ഇഹ്റാമിൽ പ്രവേശിച്ചുകഴിഞ്ഞാൽ മുടി വെട്ടാനോ നഖം മുറിക്കുവാനോ സുഗന്ധം പൂശുവാനോ പാടില്ല.

12. ഹജ്ജോ ഉംറയോ ഉദ്ദേശിച്ച് മക്കയിലേക്ക് വരുന്നവർ ഇഹ്റാം ചെയ്തുകൊണ്ടല്ലാതെ മീഖാത്ത് വിട്ട്കടക്കാൻപാടില്ല.

13. ഹജ്ജ് കർമ്മങ്ങൾ ചെയ്യുന്നതിന് മൂന്ന് രൂപങ്ങളുണ്ട്. അതിൽ ഏറ്റവും ശ്രേഷ്ഠമായത് തമത്തുഇന്റെ രൂപമാണ്.

14. രോഗം മൂലമോ മറ്റോ ഹജ്ജ് കർമ്മങ്ങൾ പൂർത്തിയാക്കുന്നതിന് വല്ലതടസ്സവും ഉണ്ടായേക്കുമെന്ന് ആശങ്കപ്പെടുന്നവർ നിബന്ധന വെക്കാവുന്നതാണ്. അതായത് നിയ്യത്തിന് ശേഷം ഇങ്ങിനെ പറയുക:

وإِنْ حَبَسَنِي حَابِسٌ فمَحِلِّي حيْثُ حَبَسْتَنِي

(എനിക്ക് വല്ലതടസ്സവും നേരിട്ടാൽ നീ തടഞ്ഞിടത്ത് വെച്ച് ഞാൻ വിരമിക്കുന്നതാണ്.)

അങ്ങിനെ പ്രസ്തുത തടസ്സമുണ്ടായാൽ ഒരു ബാധ്യതയും ഇല്ലാതെ തന്നെ അയാൾക്ക് ഇഹ്റാമിൽനിന്ന് വിരമിക്കാവുന്നതാണ്.

15. ഹാജി സഹോദരാ, അല്ലാഹു വിരോധിച്ചിട്ടുള്ള സ്ത്രീ സല്ലാപങ്ങളും ദുർവൃത്തികളും തർക്കവിതർക്കങ്ങളും മറ്റെല്ലാ പാപങ്ങളും വർജ്ജിക്കുക. തന്റെ വാക്കുകൊണ്ടോ പ്രവർത്തി കൊണ്ടോ മറ്റുവിശ്വാസികൾക്ക് ദ്രോഹം വരുത്തുന്നത് സൂക്ഷിക്കുക.

16. പുകവലി എന്ന ദുശീലത്തിന് അകപ്പെട്ടവനാണ് താങ്കളെങ്കിൽ അത് ഒരിക്കലും തിരിച്ചുവരാത്ത വിധം കയ്യൊഴിക്കാവുന്ന അവസരമാണിത്. തന്റെ ശരീരത്തെ ക്ഷയിപ്പിക്കുകയും കൂട്ടുകാരെ ഉപദ്രവിക്കുകയും ധനനഷ്ടമുണ്ടാക്കുകയും പാപത്തിലേക്കെത്തിക്കുകയുമല്ലാതെ ഒന്നും തന്നെ അതിൽനിന്ന് നേടാനില്ല.

17. അനുസ്മരണ ഫോട്ടോകളെടുക്കാനും മറ്റും ശ്രദ്ധിക്കുന്നവർ സൂക്ഷിക്കേണ്ടതാണ്. നബി(ﷺ) ഇവിടെ ഉണർത്തിയിട്ടുള്ളത്: അല്ലാഹുവേ രിയാഉം സുംഅത്തും(ലോകമാന്യതയും പ്രശസ്തിയും) ആഗ്രഹിക്കാത്ത ഹജ്ജ് ചെയ്യാൻ അനുഗ്രഹിക്കേണമേ. ഇത് നാം ഓർക്കുക.

**18**. ഹാജി സഹോദരാ, മക്കയിലേക്കുള്ള യാത്രയിലുടനീളം തൽബിയ്യത്ത് ചൊല്ലുന്നത് അധികരിപ്പിക്കുക. അതിന്റെ രൂപം ഇങ്ങനെ: (ലബ്ബയ്ക്കല്ലാഹുമ്മ ലബ്ബൈക്ക്, ലബൈക്ക ലാ ശരീക്ക ലക്ക ലബ്ബൈക്ക്, ഇന്നൽ ഹംദ വന്നിഅ്മത്ത ലക വൽ മുൽക് ലാശരീക ലക്ക് ).

**19**. ഓരോരുത്തരും തനിയെ തൽബിയ്യത്ത് ചൊല്ലുന്നതാണ് സുന്നത്ത്. സംഘമായി അത് ചൊല്ലുന്നത് പ്രവാചക ചര്യയിൽപെട്ടതല്ല.

**20**. സഹോദരാ, മീഖാത്തുകളിലെല്ലാം ഹാജിമാരെ ബോധവൽക്കരിക്കുന്നതിനും ഹജ്ജിനെ കുറിച്ചുള്ള ലഘുലേഖകൾ വിതരണം ചെയ്യുന്നതിനും സംശയനിവാരണത്തിനും പ്രത്യേക സ്ഥലങ്ങളുണ്ട്. അത് ഉപയോഗപ്പെടുത്തുക.

നമ്മുടെ കർമ്മങ്ങൾ അല്ലാഹു സ്വീകരിച്ച് നൻമയിലേക്ക് നമ്മെ നയിക്കട്ടെ, അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ആമീൻ.

وصلّى الله على نبينا محمّد وآله وصحبه وسلّم

************